**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 538**

**08.08.2017 - ൽ മറുപടിക്ക്.**

## വ്യവസായ എസ്റ്റേറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. സ്വരാജ്. | **ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| (എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകൾ വിപുലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | (എ) : സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകൾ വിപുലപ്പെടുത്താൻ ആലോചനയില്ല. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താനും ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അതുപോലെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ നിയന്ത്രണത്തിലുള്ള ഒലവക്കോട്, കാസർഗോഡ്, കല്ലേറ്റുകര, ഒല്ലൂർ, കരുനാഗപ്പള്ളി എന്നീ വ്യവസായ എസ്റ്റേറ്റുകളിൽ ഒഴിവുള്ള ഭൂമി കണ്ടെത്താനുള്ള ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതോടെ, കണ്ടെത്തുന്ന ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് ചെറുകിട വ്യവസായികൾക്ക് വാടകയ്ക്ക് നൽകുവാനും ആലോചിക്കുന്നുണ്ട്. കൂടാതെ അമരവിളയിലുള്ള (മുൻ ടൈൽ ഫാക്ടറി) ഭൂമിയിലും സിഡ്കോ വ്യവസായ സമുച്ചയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) : വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ വയനാട് ജില്ലയൊഴികെ എല്ലായിടത്തും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്. എന്നാൽ സിഡ്കോയ്ക്ക് എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.